**ഭരണഭാഷ-മാതൃഭാഷ**

# പട്ടണക്കാട് ഗ്രാമ പഞ്ചായത്ത്
**പിൻ കോഡ്- 688531 GSTIN:32AAALP1059J1Z5**
**ഫോൺ നമ്പർ : 0478-2592232**

pattanakkadgp@gmail.com

**നമ്പർ: 5588492-2026** **തീയതി : 10-07-2026**

## അറിയിപ്പ്

വിഷയം: പട്ടണക്കാട് ഗ്രാമപഞ്ചായത്ത് ഔദ്യാഗിക വാഹനത്തിന്റെ താൽക്കാലിക ഡ്രൈവർ (ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ) നിയമനം- അപേക്ഷ ക്ഷണിക്കുന്നത്

പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിന് താൽക്കാലിക / ദിവസ വേതന അടിസ്ഥാനത്തിൽ (ഓഫീസ് അറ്റൻഡൻറ് കം ഡ്രൈവർ ആയി) ജോലി ചെയ്യാൻ തയ്യാറുള്ളതും, പട്ടണക്കാട് ഗ്രാമപഞ്ചായത്തിലോ, തൊട്ടടുത്ത ഗ്രാമപഞ്ചായത്തിലോ സ്ഥിരതാമസം ഉള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷിക്കുന്നവരുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രയോഗിക പരിജ്ഞാനം എന്നിവ അപേക്ഷയോടൊപ്പം രേഖപ്പെടുത്തുകയും അഭികാമ്യമായ മറ്റ് രേഖകൾ ഉള്ളടക്കം ചെയ്യുകയും വേണം. അപേക്ഷ വെള്ള പേപ്പറിലോ/ ടൈപ്പ് ചെയ്തോ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ രേഖകൾ സഹിതം 17.07.2026 ന് വൈകുന്നേരം 4 മണിക്ക് മുമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ടോ/ രജിസ്റ്റേർഡ് തപാൽ മുഖേനയോ ലഭ്യമാകേണ്ടതാണ്.

## നിബന്ധനകൾ ( യോഗ്യതകൾ)

1. ഉദ്യോഗാർത്ഥികൾ 01.01.2026 ന് 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും 41 വയസ്സ് കവിയാത്തവരും ആയിരിക്കണം ( ഒ ബി സി വിഭാഗക്കാർക്ക് 3 ഉം, എസ് സി /എസ് ടി വിഭാഗക്കാർക്ക് 5 വയസ്സും ഇളവ് അനുവദനീയമാണ് )
2. വയസ്സ് ഇളവിന് അർഹതയുള്ള ഉദ്യോഗാർത്ഥികൾ വില്ലേജ്/ താലൂക്ക് അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിരിക്കണം
3. ഉദ്യോഗാർത്ഥികൾ കുറഞ്ഞത് എസ് എസ് എൽ സി വിജയം / തുല്യ യോഗ്യത ഉള്ളവർ ആയിരിക്കണം
4. സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം കാഴ്ച, കായിക ക്ഷമത എന്നിവ സംബന്ധിച്ച് അസി സർജനിൽ കുറയാത്ത ഡോക്ടറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ടാകണം
5. ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസ് നേടിയിട്ട് കുറഞ്ഞത് 3 വർഷം പൂത്തിയായിട്ടുണ്ടാകണം ( അപേക്ഷയോടൊപ്പം സാധുതയുള്ള ലൈസൻസിൻറ് പകർപ്പ് ഉൾകൊള്ളിച്ചിരിക്കണം )

6. അപേക്ഷകൾ 17.07.2026 ന് വൈകുന്നേരം 4 മണി വരെ സ്വീകരിക്കുന്നതും, സാധ്യതയുള്ള അപേക്ഷകരുടെ ലിസ്റ്റ് 18.07.2026 ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്. ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ 23.07.2026 ന് നടത്തപ്പെടുന്ന എഴുത്ത് പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. എഴുത്ത് പരീക്ഷയ്ക്ക് മറ്റൊരു അറിയിപ്പ് ഗ്രാമപഞ്ചായത്ത് നൽകുന്നതായിരിക്കില്ല

7. അഭിമുഖത്തിന് ഹാജരാകുന്ന സമയം അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകളുടെ അസ്സൽ ഉദ്യോഗാർത്ഥി കൊണ്ടുവരേണ്ടതാണ്

8. അഭിമുഖത്തിന് ഹാജരാകുന്ന സമയം പോലീസ് അധികാരികളിൽ നിന്നും ക്രിമിനൽ കേസുകൾ ഒന്നും നിലവിലില്ല എന്ന സാക്ഷ്യപത്രവും, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് ഇവ ഹാജരാക്കണം

9. എഴുത്ത് പരീക്ഷ വിജയികളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിക്കുന്നതും, സ്കിൽ ടെസ്റ്റ്, അഭിമുഖം എന്നിവയുടെ തിയതി കത്ത്/ഫോൺ മുഖേന ഉദ്യോഗാർത്ഥിയെ അറിയിക്കുന്നതാണ്. എഴുത്ത് പരീക്ഷ കൂടാതെ അഭിമുഖവും ,പ്രൊഫിഷൻസി അളക്കുന്ന സ്കിൽ ടെസ്റ്റ് ഉണ്ടായിരിക്കുന്നതാണ്.

10. എഴുത്ത് പരീക്ഷ, സ്കിൽ ടെസ്റ്റ് , അഭിമുഖ പരീക്ഷ എന്നിവയിലെ മാർക്കിൻറെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അന്തിമമായി മാർക്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ് ( ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ് )

11. ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം നിയമിക്കപ്പെടുന്ന ഡ്രൈവറുടെ നിയമന കാലയളവ് 179 ദിവസം ആയിരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഇടവേള അനുവദിച്ച് കരാർ പുതുക്കി അനുവദിക്കുന്നതാണ്.

12. തസ്തികയിലേയ്ക്കുള്ള നിയമനം പൂർണ്ണമായും ഗ്രാമപഞ്ചായത്ത് തീരുമാനത്തിന് വിധേയമായി മാത്രമായിരിക്കും നടത്തപ്പെടുക

പകർപ്പ്

1. വില്ലേജ് ഓഫീസ്
2. കൃഷി ഭവൻ
3. ബ്ലോക്ക് ഓഫീസ്, പട്ടണക്കാട്
4. ഗ്രാമപഞ്ചായത്ത് വെബ് സൈറ്റ്
5. പത്രപരസ്യം

Signature Not Verified
Digitally signed by Shameena J S
Date: 2026.07.10 11:26:02 IST
Reason: KSMART

സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി
പട്ടണക്കാട് ഗ്രാമപഞ്ചായത്ത്
ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡ്